

മംഗളവാർത്താക്കാലം

# എമ്മാവൂസ് വചനദൂത്

# അമലോത്ഭവത്തിരുന്നാൾ

ഫാ. തോമസ് വടക്കേൽ Vol. 9 Issue 29

കത്തോലിക്കാ സഭയിൽ വിവിധ തിരുനാളുകൾ ആഘോഷിക്കാറുണ്ട്. ഈശോയുടെയും, പരിശുദ്ധ മറിയത്തിന്റെയും, വിശുദ്ധരുടെയും ജീവിതവുമായി ബന്ധപ്പെട്ടിട്ടുള്ള ഓർമ്മ ദിനങ്ങളിലാണ് പതിവായി ഇവ ആഘോഷിക്കാറുള്ളത്. വിശുദ്ധരായവരുടെ തിരുനാളുകളിൽ ഏറെ ഭക്ത്യാദരങ്ങളോടെ ആഘോഷിക്കുന്ന തിരുനാളുകളിലൊന്ന് പരിശുദ്ധ അമ്മയുടേതാണ്. മംഗളവാർത്ത (മാർച്ച് 25), സ്വർഗ്ഗാരോപണം (ആഗസ്റ്റ് 15), പിറവി (സെപ്റ്റംബർ 8), അമലോത്ഭവം (ഡിസംബർ 8).

ഈശോയുടെ അമ്മയായ പരിശുദ്ധ മറിയം പാപലേശമെന്യേ മറിയത്തിന്റെ അമ്മയുടെ ഉദരത്തിൽ ഉത്ഭവിച്ചു എന്നതിന്റെ ഓർമ്മയാണ് ഇന്ന് ഡിസംബർ 8-ന് പ്രത്യേകമായി ആചരിക്കുന്നത്. പുത്രനായ ഈശോയുടെ യോഗ്യതകളെ മുൻ നിർത്തി ദൈവകൃപയിൽ പരിശുദ്ധ അമ്മ ഉത്ഭവ പാപത്തിന്റെ കറകളിൽ നിന്നും വിമുക്തയായിക്കൊണ്ട് രൂപം കൊണ്ടു എന്ന വിശ്വാസസത്യം ഉറക്കെ പ്രഘോഷിക്കുകയാണ് ഈ തിരുനാളിൽ.

ഏഴാം നൂറ്റാണ്ട് മുതൽ തന്നെ പൗരസ്ത്യ സഭകളിൽ ആഘോഷിച്ച് വന്നിരുന്ന അമലോത്ഭവത്തെക്കുറിച്ച് ഗ്രിഗോറിയോസ് സ്കൊളാരിസ് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: ‘കന്യകയും പരിശുദ്ധയുമായ അവൾ സാധാരണ രീതിയിലാണ് ഈ ലോകത്തിലേയ്ക്ക് പ്രവേശിച്ചതെങ്കിലും ഉത്ഭവപാപത്തിൽ അകപ്പെട്ടിരുന്നില്ല. അതുകൊണ്ട് ദൈവവചനത്തിന് മാംസം ധരിക്കുവാൻ ഏറ്റവും പരിശുദ്ധമായ ശരീരം നൽകുവാൻ അവൾക്ക് സാധിച്ചു. മനുഷ്യ വ്യക്തികളിൽ അവൾക്കു മാത്രം ലഭിച്ച പ്രത്യേക ആനുകൂല്യത്താൽ ഉത്ഭവപാപത്തിലും ശിക്ഷയിലും നിന്ന് അവൾ വിമുക്തയായതിനാൽ പാപകരമായ ചിന്തകളുടെ കാർമേഘങ്ങളിൽ അവൾ പ്രവേശിച്ചില്ല. ആത്മശരീരങ്ങളോടെ അവൾ ദൈവികപേടകമായി’. 1854 ഡിസംബർ 8-ാം തീയതി ‘അവാച്യനായ ദൈവം (Ineffabili Deus)’ എന്ന ചാക്രിക ലേഖനത്തിലൂടെ മറിയത്തിന്റെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു കൊണ്ട് ഒമ്പതാം പീയൂസ് മാർപ്പാപ്പയും ഇങ്ങനെ പറഞ്ഞു: “ദൈവകൃപയാൽ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ ജന്മപാപത്തിന്റെ മാലിന്യമേശാതെ മറിയം കാത്തുസൂക്ഷിക്കപ്പെട്ടു”.

പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ പ്രത്യകമായി വിളിച്ചോതുന്ന സത്യം അമ്മ

യുടെ വിശുദ്ധിയാണ്. ദൈവത്തിന്റെ ഗുണവി ശേഷമാണ് വിശുദ്ധി. ലേവ്യരുടെ പുസ്തകത്തിൽ ദൈവം ഇപ്രകാരം പറയുന്നുണ്ട്. "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ; എന്തെന്നാൽ ഞാൻ പരിശുദ്ധനാണ്" (ലേവ്യ. 11:14). ദൈവത്തിന്റെ ഈ വിശുദ്ധിയിലാണ് എല്ലാവരും പങ്കുചേരുന്നത്. വിശുദ്ധി എല്ലാവർക്കുമുള്ളതാണ്. വിശുദ്ധിയിൽ പങ്കു ചേരുവാനുള്ള സ്വതന്ത്രമായ ക്ഷണവും എല്ലാവർക്കുമുണ്ട്. പരിശുദ്ധ അമ്മ ദൈവത്തിന്റെ ഈ പരിശുദ്ധിയിൽ പങ്കുചേർന്ന വ്യക്തിയാണ്.

2018 മാർച്ച് 19-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ഒപ്പു വച്ച അപ്പസ്തോലിക ലേഖനമായ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ (Gaudete et Exsultate = Rejoice and be Glad)' എന്ന പ്രബോധനത്തിൽ പാപ്പ ഇപ്രകാരം പഠിപ്പിക്കുന്നുണ്ട്: "വിശുദ്ധിയിലേയ്ക്ക് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരും അവരവർക്ക് നൽകപ്പെട്ട മാർഗ്ഗത്തിലൂടെ വിശുദ്ധി കൈവരിക്കണം. ദൈവകൃപയാൽ കളങ്കമില്ലാതെ ഉത്ഭവിച്ച പരിശുദ്ധ അമ്മ തന്റെ ജീവിതത്തിലുടനീളം ഈ വിശുദ്ധി പരിപാലിച്ച് പോന്ന വ്യക്തിയാണ്".

പരിശുദ്ധ അമ്മയുടെ വിശുദ്ധിയെക്കുറിച്ച് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. ദൈവത്താൽ അയയ്ക്കപ്പെട്ട ഗബ്രിയേൽ ദൂതൻ മറിയത്തെ അഭിസംബോധന ചെയ്യുന്നത് ഇങ്ങനെയാണ്; "ദൈവകൃപ നിറഞ്ഞവളെ സ്വസ്തി, കർത്താവ് നിന്നോട് കൂടെ" (ലൂക്ക. 1:28). കൃപ വർഷിക്കുക, അനുഗ്രഹിക്കുക തുടങ്ങിയ അർത്ഥങ്ങളുള്ള 'Charito (ഖരീതോ)' എന്ന ഗ്രീക്ക് പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ കൃപ, അനുഗ്രഹം ധാരാളമായി ലഭിച്ചവളാണ് പരിശുദ്ധ മറിയം എന്ന അർത്ഥതലത്തിലാണ് അവളെ ദൈവകൃപ നിറഞ്ഞവൾ എന്ന് വിളിക്കുന്നത്. മറിയത്തിന്റെ വിശുദ്ധിയുടെ കാരണം ദൈവത്തിന്റെ അനന്തമായ കൃപയാണ്. മറിയത്തിന് ദൈവം ഈ കൃപ അവൾ തന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ നൽകി എന്നതാണ് അമലോത്ഭവ സത്യം. വിശുദ്ധിയായ ദൈവം അവളുടെ കൂടെ ഉണ്ടെന്നുള്ളതാണ് മറിയത്തിന്റെ വിശുദ്ധിയുടെ രഹസ്യം. കർത്താവ് നിന്നോടു കൂടെ (the lord is with you) എന്ന ദൈവദൂതന്റെ വാക്കുകളുടെ അർത്ഥമിതാണ്. അത്യുന്നതന്റെ ശക്തി ആവസിച്ചവളാണ് മറിയം (ലൂക്ക. 1:35).

തന്റെ ഉള്ളിലെ ദൈവസാന്നിധ്യം, വിശുദ്ധി അനേകർക്ക് അനുഗ്രഹമായി പരിശുദ്ധ അമ്മ നൽകി എന്നതാണ് അമ്മയുടെ മറ്റൊരു പ്രത്യേകത. തന്റെ ചാർച്ചക്കാരിയായ എലിസബത്ത് ആറു മാസം ഗർഭിണിയാണെന്ന വിവരം ദൈവദൂതനിൽ നിന്ന് അറിഞ്ഞ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള പട്ടണത്തിലെ ഭവനത്തിലേയ്ക്ക് തിടുക്കത്തിൽ യാത്രയാകുന്നുണ്ട് (ലൂക്ക. 1:39-45). സഖറിയായുടെ വീട്ടിലെത്തുന്ന മറിയം എലിസബത്തിനെ അഭിവാദനം ചെയ്യുന്നു. തൽക്ഷണം എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. അവൾ പരിശുദ്ധാത്മാവ് നിറഞ്ഞവളായി. പരിശുദ്ധയായ മറിയത്തിന്റെ സാന്നിധ്യവും സംഭാഷണവും അഭിവാദനവും മറ്റൊരാളിൽ പരിശുദ്ധാത്മാവ് നിറയാൻ ഇടയാക്കി. വിശുദ്ധിയുടെ വഴിയെ യാത്ര ചെയ്യുന്ന എല്ലാ വിശ്വാസികൾക്കും പരിശുദ്ധ അമ്മ മാതൃകയാകുന്നു. നമ്മുടെ സംഭാഷണം, സാന്നിധ്യം അനേകർക്ക് അനുഗ്രഹദായകമാകണം. ആത്മാവിന്റെ അഭിഷേകം ലഭിക്കുന്നതാകണം.

ദൈവകൃപയാൽ അമലോത്ഭവയായ മറിയം തന്റെ വിശുദ്ധിയ്ക്ക് നിദാനമായ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന വ്യക്തിയാണ്. ലോകത്തിലെ ഏറ്റവും മഹത്തായ കീർത്തനങ്ങളിലൊന്ന് എന്ന് വിശുദ്ധ ഗ്രന്ഥത്തിൽ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്ന മറിയത്തിന്റെ സ്തോത്രകീർത്തനം (Magnificat) ദൈവത്തിന്റെ കൃപയ്ക്ക് അവിടുത്തേക്ക് മറിയം മഹത്വം അർപ്പിക്കുന്നതാണ് (ലൂക്ക. 1:46-56).

'ദൈവകൃപ വേണ്ട' എന്നു പറയുന്ന സമകാലിക പെലാജിയനിസത്തിന്റെ (Contemporary Pelagianism) സംസ്ക്കാരത്തിൽ പരിശുദ്ധ മറിയം വീണ്ടും മാതൃകയാകുന്നു. എന്റെ കഴിവും എന്റെ ബുദ്ധിയും എന്റെ യുക്തിയും എന്റെ അറിവും എന്ന് ചിന്തിക്കുന്ന ലോകത്തിൽ 'ദൈവകൃപയിലൂടെയാണ് രക്ഷ' എന്ന് പരിശുദ്ധ അമ്മ പഠിപ്പിക്കുന്നു. 'ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു' (ലൂക്ക. 1:49) എന്ന മറിയത്തിന്റെ വാക്കുകൾ അവൾക്ക് നൽകപ്പെട്ട വിശുദ്ധിയുടെ മാഹാത്മ്യത്തെയാണ് വീണ്ടും വിളിച്ചോതുന്നത്.

ജന്മപാപത്തിന്റെ യാതൊരു മാലിന്യവും ഏശാതെ കാത്തുസൂക്ഷിക്കപ്പെട്ട പരിശുദ്ധ മറിയത്തിന്റെ അസ്തിത്വം ദൈവകൃപയിലാണ്. ദൈവത്തിന്റെ കൃപയ്ക്ക് പ്രത്യേകമാംവിധം അർഹയായതിലൂടെ അവൾ അമലോത്ഭവയായി. മറിയം തന്റെ ജീവിതം മുഴുവൻ വിശുദ്ധിയിൽ ജിവിച്ചു. അനേകർക്ക് അനുഗ്രഹമായി ദൈവകൃപയ്ക്ക് നന്ദിയുള്ളവളായി. പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ വിശുദ്ധിയുടെ വഴിയെ ചരിക്കാൻ നമ്മെ ഓരോരുത്തരെയും ക്ഷണിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ട്. നമ്മുടെ അസ്തിത്വം ദൈവത്തിലാകട്ടെ. ദൈവകൃപയ്ക്ക് നാം വീണ്ടും പാത്രീഭൂതരാകട്ടെ. വിശുദ്ധി നിറയുന്ന നമ്മുടെ സാന്നിധ്യം അനേകർക്ക് അനുഗ്രഹത്തിന്റെയും ആത്മാഭിഷേകത്തിന്റെയും അവസരങ്ങളാകട്ടെ.